(ബി) ഇല്ല.

(സി) ഫയർ സ്റ്റേഷനുവേണ്ടി സ്ഥലവും കെട്ടിടവും മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതിന് മഞ്ചേരി നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത സൗകര്യങ്ങളും പൂർത്തിയാക്കുന്ന മുറയ്ക്ക് ആവശ്യമായ ഫണ്ടും ലഭ്യമായാൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

പീരുമേട് ഫയർ സ്റ്റേഷൻ

61 [825] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട്ടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളും സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പീരുമേട് ഫയർ സ്റ്റേഷൻ കെട്ടിടം പണിയുന്നതിന് ആവശ്യമായ ഭൂമി കൈമാറ്റം ചെയ്തുവോ എന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന വ്യക്തമാക്കുമോ;

(സി) പീരുമേട് ഫയർ സ്റ്റേഷന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പുതിയ ഫയർസ്റ്റേഷനുകൾ തുറക്കുന്നതിനുള്ള മുൻഗണനാ പട്ടികയിൽ 32-ാമതായി പീരുമേട് ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഭൂമി കൈമാറുന്നതിനുള്ള നടപടി ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിച്ചുവരുന്നു.

(സി) ഭൂമി കൈമാറിക്കിട്ടുകയും ഫയർ സ്റ്റേഷന് ആവശ്യമായ കെട്ടിടം പണി പൂർത്തിയാകുകയും, തസ്തികകൾ സൃഷ്ടിച്ചും വാഹനങ്ങളും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനുള്ള അനുമതിയും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് പീരുമേട് ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

തളിപ്പറമ്പ് ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ

62 [826] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തളിപ്പറമ്പ് ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനുവേണ്ടി സർക്കാർ സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടി ക്രമം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം തളിപ്പറമ്പ് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷന് വേണ്ടി ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് വിട്ടുനൽകുന്നതിനുള്ള സമ്മതപത്രത്തിനായി തിരുവനന്തപുരം ഗ്രാമവികസന വകുപ്പ് കമ്മീഷണറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത സമ്മതപത്രം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly